**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2698** **17-03-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വാഹന ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വാഹനം ചാർജ് ചെയ്യുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെ നോഡൽ ഏജൻസി ആയി തിരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം എല്ലാ ജില്ലകളിലും ആയി ഒരു ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ പ്രവർത്തിക്കുന്നു. പ്രാരംഭഘട്ടം ആയി ആറു ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7.11.2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ ഇവയാണ് : 1. നേമം, തിരുവനന്തപുരം 2. ഓലൈ, കൊല്ലം 3. പാലാരിവട്ടം, എറണാകുളം 4. വിയ്യൂർ, തൃശ്ശൂർ 5. നല്ലളം, കോഴിക്കോട് 6. ചൊവ്വ, കണ്ണൂർ ഇതിനു പുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഈ സ്റ്റേഷനുകളുടെ നിർമ്മാണം മേയ് 2022 ഓടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09.10.2021 ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുകയും 1140 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം |

സ്ഥാപിക്കുന്നതിനായി തുടക്കമിടുകയും ചെയ്തിട്ടുണ്ട്. 6 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. ജൂലൈ 2022 ഓടുകൂടി പദ്ധതി പൂർണ്ണ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു കൂടാതെ സംസ്ഥാന സർക്കാരിന് കീഴിലുള്ള അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനായി കൂടുതൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പൊതുസ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 10 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. തിരുവനന്തപുരം,  കൊല്ലം, ആലപ്പുഴ, ഏറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കാസറഗോഡ് എന്നീ ജില്ലകളിലായി താഴെ പറയുന്ന സ്ഥലങ്ങളിൽ 10 ചാർജിങ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി നിലവിൽ പ്രവർത്തിച്ചുവരുന്നു. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം 1. കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി), ശംഖുമുഖം, തിരുവനന്തപുരം 2. ഗവണ്മെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം 3. ടേക്ക് എ ബ്രേക്ക് (ഡി.ടി.പി.സി), ചവറ, കൊല്ലം 4. ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ 5. ഡി.ടി.പി.സി സെന്റർ, ഇടുക്കി 6. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം 7. കില ക്യാമ്പസ്, മുളങ്കുന്നത്തു കാവ്, തൃശ്ശൂർ 8. കാഞ്ഞിരംപുഴ ഡാം, പാലക്കാട് 9. ഡി.ടി.പി.സി വേ സൈഡ് അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ് ആലപ്പുഴ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി താഴെ പറയുന്ന സ്ഥലങ്ങളിൽ 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. 1. കെ.ടി.ഡി.സി അഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ 2. കുളപ്പുള്ളി ബസ് സ്റ്റാന്റ്, ഷോർണ്ണൂർ മുനിസിപ്പാലിറ്റി 3. കെ.ടി.ഡി.സി അഹാർ റെസ്റ്റോറന്റ്, വടകര, കോഴിക്കോട് 4. മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ് സ്റ്റാൻഡ്, പെരിന്തൽമണ്ണ, മലപ്പുറം 5. ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ 6. ചിറ്റൂർ മുനിസിപ്പൽ ഓഫീസ് പരിസരം, പാലക്കാട് ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ ഒരു ഇലക്ട്രിക് കാർ ചാർജ് ചെയ്യുന്നതിന് 20 മിനിട്ട് മുതൽ 45 മിനിട്ട് വരെ സമയം ആവശ്യമായതിനാൽ ഈ സമയത്ത് വിശ്രമിക്കാനുള്ള സ്ഥലം, വാഷ് റൂം സൗകര്യം, റിഫ്രഷ്മെന്റ് സൗകര്യം എന്നിവ ഉണ്ടായിരിക്കണം. ദേശീയപാത, എം.സി റോഡ്, മറ്റ് പ്രധാന

| | | | |
|---|---|---|---|
| | | | റോഡുകൾ എന്നിവയ്ക്ക് സമീപം ഈ സൗകര്യങ്ങളുള്ള കുറഞ്ഞത് രണ്ടര സെന്റ് (ഏകദേശം 1,000 ചതുരശ്ര അടി) സർക്കാർ/പൊതുമേഖല ഉടമസ്ഥതയിലുള്ള സ്ഥലം 10 വർഷത്തേക്ക് ലീസിന് ലഭ്യമാക്കിയാൽ അനെർട്ടിന്റെ മുതൽ മുടക്കിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് നിലവിൽ അനെർട്ടിന് ഉള്ളത്. ഹോട്ടലുകൾ, മാളുകൾ ഉൾപ്പെടെ സ്വകാര്യ മേഖലയിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പ്രകാരം ആലപ്പുഴ (ഒന്ന്). പത്തനംതിട്ട (ഒന്ന്), കോഴിക്കോട് (രണ്ട്)എന്നിവിടങ്ങളിലായി 4 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. സ്വകാര്യ മേഖലയിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾക്ക് ചാർജിംഗ് മെഷീന്റെ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. |
| (ബി) | ഓരോ മണ്ഡലത്തിലും എത്രവീതം ചാർജിംഗ് സ്റ്റേഷനുകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ; | (ബി) | ഓരോ നിയോജക മണ്ഡലത്തിലും ചുരുങ്ങിയത് 5 ചാർജ്ജിംഗ് പോയിന്റുകളും, കോർപ്പറേഷൻ പരിധിയിൽ ഉള്ള മണ്ഡലങ്ങളിൽ കുറഞ്ഞത് 15 ചാർജ്ജിംഗ് പോയിന്റുകളും നിർമ്മിക്കുന്നതിനായി ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) | ഇതിന്റെ പരിപാലന ചുമതല, ചാർജിംഗ് ഫീസ് എന്നിവയെക്കുറിച്ച് വിശദമാക്കാമോ; | (സി) | കെ.എസ്.ഇ.ബി.എൽ-ന്റെ ഉടമസ്ഥത യിലുള്ള ചാർജ്ജിംഗ് സ്റ്റേഷനുകളുടെ പരിപാലന ചുമതലയും കെ.എസ്.ഇ.ബി.എൽ.ൽ നിക്ഷിപ്ത മാണ്. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ യൂണിറ്റിന് 13 രൂപ + GST എന്ന നിരക്കിലും പോൾ മൌണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ യൂണിറ്റിന് 9 രൂപ + GST എന്ന നിരക്കിലും ആണ് ചാർജ്ജിംഗ് ഫീ ഈടാക്കുന്നത്. അനെർട്ടിന്റെ ചാർജിംഗ് സ്റ്റേഷനുകളിൽ 2021 നവംബർ മുതൽ ഒരു വർഷത്തേയ്ക്ക് താത്കാലികമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ചുവടെ കൊടുത്തിരിക്കുന്നു. 1. രാവിലെ 6.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ - യൂണിറ്റിന് 12 രൂപ 2. വൈകുന്നേരം 6.00 മണി മുതൽ രാത്രി 10.00 മണി വരെ - യൂണിറ്റിന് 15 രൂപ 3. രാത്രി 10.00 മണി മുതൽ രാവിലെ 6.00 മണി വരെ - യൂണിറ്റിന് 10 രൂപ |
| (ഡി) | ഈ പദ്ധതികൊണ്ട് സർക്കാർ എന്താണ് ലക്ഷ്യമാക്കുന്നതെന്ന് വിശദീകരിക്കാമോ? | (ഡി) | ഈ പദ്ധതികളിലൂടെ ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് ആണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ